**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1341** **10-10-2024 - ൽ മറുപടിയ്ക്ക്**

**ഉത്തരവാദിത്ത ടൂറിസം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ആന്റണി രാജു | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | ഉത്തരവാദിത്ത ടൂറിസം മേഖലയുമായി ബന്ധപ്പെട്ട് സംഘടിപ്പിച്ച ആഗോള സമ്മിറ്റിന്റെ നേട്ടങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | കേരള റെസ്പോൺസിബിൾ ടൂറിസം മിഷൻ (കെ.ആർ.ടി.എം) സൊസൈറ്റിയുടെ നേതൃത്വത്തിൽ, 2023 ഫെബ്രുവരി 25 മുതൽ 28 വരെ പ്രധാന അന്താരാഷ്ട്ര ഉത്തരവാദിത്ത ടൂറിസം കേന്ദ്രമായ കുമരകത്ത് വച്ച് ഉത്തരവാദിത്ത ടൂറിസം ആഗോള ഉച്ചകോടി നടന്നു.<br><br>പ്രസ്തുത ഉച്ചകോടിയിലെ പങ്കാളിത്ത രാജ്യങ്ങളിലും സംസ്ഥാനങ്ങളിലും പ്രതിനിധികളിലും കേരള ടൂറിസത്തിന്റെ സൗകര്യങ്ങളും സുരക്ഷിതത്വവും വൈവിധ്യങ്ങളും ഉത്തരവാദിത്ത ടൂറിസവും സംബന്ധിച്ച് അവബോധം സൃഷ്ടിക്കാൻ കഴിഞ്ഞു. കേരള റെസ്പോൺസിബിൾ ടൂറിസം മിഷൻ സൊസൈറ്റിയുടെ സ്ത്രീ സൗഹൃദ ടൂറിസം പദ്ധതിയുടെ ഭാഗമായി, കെ ആർ ടി എം സൊസൈറ്റിയുടെ നേതൃത്വത്തിൽ കേരള ടൂറിസവുമായി സഹകരിച്ച് പ്രവർത്തിക്കുന്നതിനുള്ള പ്രഖ്യാപനം യു എൻ വിമൺ -ന്റെ ഇന്ത്യ ഹെഡ് പ്രസ്തുത ഉച്ചകോടിയിൽ പ്രഖ്യാപിച്ചു എന്നതാണ് ഈ ഉച്ചകോടിയുടെ മറ്റൊരു നേട്ടം. ഇതിലൂടെ സ്ത്രീ സൗഹൃദ വിനോദസഞ്ചാരം പ്രോത്സാഹിപ്പിക്കാനും വനിതാ സഞ്ചാരികളെ കേരളത്തിൽ എത്തിക്കാനും കഴിയുന്നുണ്ട്. ലോകത്തെ വിനോദസഞ്ചാര മേഖലയിലെ ഏറ്റവും പ്രധാനപ്പെട്ട സ്ഥാപനങ്ങളിലൊന്നായ ബുക്കിംഗ് ഡോട്ട്കോം കേരളവുമായി ടൂറിസം മേഖലയിലും, ഉത്തരവാദിത്ത ടൂറിസം രംഗത്തും പരസ്പരം സഹകരിച്ച് പ്രവർത്തിക്കുവാനാകും എന്ന് പ്രഖ്യാപിച്ചു. ഇത് നടപ്പിലായതോടെ കേരളത്തിലേക്കുള്ള വിനോദ സഞ്ചാരികളുടെ എണ്ണത്തിൽ വർദ്ധനവ് ഉണ്ടായിട്ടുണ്ട്. സ്ത്രീ യാത്രികരുടെ സുരക്ഷിത ടൂറിസം കേന്ദ്രമാണ് കേരളം എന്ന ബോധ്യം ദേശീയ - അന്തർദേശീയ വനിതാ യാത്രികർക്കിടയിൽ എത്തിക്കാനും ഈ ഉച്ചകോടിയിലൂടെ സാധിച്ചിട്ടുണ്ട്. ഇതിന് ശേഷം കേരളത്തിലേക്ക് വിവിധ ഇന്ത്യൻ |

| | | | |
|---|---|---|---|
| | | | സംസ്ഥാനങ്ങളിൽ നിന്നും വിദേശത്ത് നിന്നും ഒറ്റയ്ക്കും കൂട്ടായുമുള്ള വനിതാ യാത്രികരുടെ സംഖ്യ വർദ്ധിച്ചിട്ടുണ്ട്.<br><br>നോട്ട് ഓൺ മാപ്പ്, വില്ലേജ് വെയ്സ്, ഗ്ലോബൽ ഹിമാലയൻ എക്സ്പടീഷൻസ്, ഹെല്പ് ടൂറിസം പോലുള്ള ഇന്ത്യയിലും, വിവിധ ഏഷ്യൻ രാജ്യങ്ങളിലും, വിദേശത്തും പ്രവർത്തിക്കുന്ന വിവിധ സംഘടനകളുമായി സഹകരിച്ച പ്രവർത്തിക്കുന്നതിനുള്ള സംയുക്ത പ്രഖ്യാപനം ഉച്ചകോടിയിൽ നടത്താനായി. പ്രസ്തുത ഉച്ചകോടിയിൽ വച്ച് കേരളത്തിലെ പ്രധാന റിസോർട്ടുകൾ, ഹോട്ടലുകൾ, ഹോംസ്റ്റേകൾ എന്നിവ ഉത്തരവാദിത്ത ടൂറിസം നയങ്ങൾ ഏറ്റെടുക്കുന്നതായി പ്രഖ്യാപിക്കുകയും അവ നടപ്പിലാക്കി വരികയും ചെയ്യുന്നു. |
| (ബി) | ഐക്യരാഷ്ട്ര സംഘടനയുമായി ചേർന്ന് സ്ത്രീ സൗഹൃദ ടൂറിസം പ്രോജക്ടിന് ഉത്തരവാദിത്ത ടൂറിസം മിഷൻ പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ; | (ബി) | ഇന്ത്യയിൽ ആദ്യമായി സ്ത്രീ സൗഹൃദ ടൂറിസം പദ്ധതി നടപ്പിലാക്കുന്നത് കേരളത്തിൽ ആണ്. കേരള റെസ്പോൺസിബിൾ ടൂറിസം മിഷൻ സൊസൈറ്റിയാണ് നിർവ്വഹണ ഏജൻസി. കേരള റെസ്പോൺസിബിൾ ടൂറിസം മിഷൻ സൊസൈറ്റിയുടെ സ്ത്രീ സൗഹൃദ ടൂറിസം പദ്ധതിയുടെ ഭാഗമായി, കെ ആർ ടി എം സൊസൈറ്റിയുടെ നേതൃത്വത്തിൽ കേരള ടൂറിസവുമായി സഹകരിച്ച പ്രവർത്തിക്കുന്നതിനുള്ള പ്രഖ്യാപനം യു എൻ വിമൺ -ന്റെ ഇന്ത്യ ഹെഡ് 2023 ഫെബ്രുവരി 25 മുതൽ 28 വരെ പ്രധാന അന്താരാഷ്ട്ര ഉത്തരവാദിത്ത ടൂറിസം കേന്ദ്രമായ കുമരകത്ത് വച്ച് നടന്ന ഉത്തരവാദിത്ത ടൂറിസം ആഗോള ഉച്ചകോടിയിൽ പ്രഖ്യാപിച്ചു. ഇതിലൂടെ സ്ത്രീ സൗഹൃദ വിനോദസഞ്ചാരം പ്രോത്സാഹിപ്പിക്കാനും വനിതാ സഞ്ചാരികളെ കേരളത്തിൽ എത്തിക്കാനും കഴിയും എന്ന് പ്രതീക്ഷിക്കുന്നു.<br><br>സ്ത്രീകളെ കൂടുതലായി ടൂറിസം രംഗത്തേക്ക് ആകർഷിച്ചുകൊണ്ട് ടൂറിസം മേഖലയിലെ സ്ത്രീ പങ്കാളിത്തം ഉയർത്തുന്നതിനും, തികച്ചും സ്ത്രീ സൗഹാർദ്ദ ടൂറിസം കേന്ദ്രങ്ങൾ രൂപീകരിക്കുന്നതിനുമുള്ള വിവിധ അടിസ്ഥാന പ്രവർത്തനങ്ങൾ ആണ് ഈ പദ്ധതി വഴി വിഭാവനം ചെയ്തിട്ടുള്ളത്. ഇതിന്റെ ഭാഗമായി എക്സ്ക്ലൂസീവ് വിമൺ ടൂറുകൾ നടത്തുന്ന വിവിധ യൂണിറ്റുകൾ ഉത്തരവാദിത്ത ടൂറിസം മിഷനിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്. അതുപോലെ സ്ത്രീകൾ നയിക്കുന്ന ഹോംസ്റ്റേകൾ, സ്ത്രീകളുടെ സുവനീർ യൂണിറ്റുകൾ, സ്ത്രീകളുടെ വിവിധ ടൂറിസം സംരംഭങ്ങൾ എന്നിങ്ങനെ |

| | | | |
|---|---|---|---|
| | | | വിവിധ സ്ത്രീ കേന്ദ്രീകൃത പ്രവർത്തനങ്ങൾ നടത്തുന്നു. സ്ത്രീ സൗഹാർദ്ദ വിനോദസഞ്ചാര പദ്ധതിയുമായി ബന്ധപ്പെട്ട് 18000 സ്ത്രീകൾ ഉത്തരവാദിത്ത ടൂറിസം മിഷനിൽ രജിസ്റ്റർ ചെയ്തു കഴിഞ്ഞു.<br><br>പദ്ധതിയുടെ ഭാഗമായി വിവിധ പരിശീലനങ്ങൾ നടന്നു കഴിഞ്ഞു. കമ്മ്യൂണിറ്റി ടൂർ ലീഡർ, ടൂർ ഓപ്പറേറ്റർ , ഡ്രൈവർമാർ, ഹോംസ്റ്റേകൾ , റെസ്റ്റോറന്റ് തുടങ്ങി വിവിധ മേഖലകളിൽ സ്ത്രീ സംരംഭങ്ങൾ ഈ പദ്ധതിയുടെ ഭാഗമായി തുടങ്ങാനാകും. ഇവയെല്ലാം ഏകോപിപ്പിച്ച്, ഒരു സ്ത്രീ സൗഹാർദ്ദ ടൂറിസം ശൃംഖല രൂപീകരിക്കുന്നതിന് വേണ്ട നടപടികൾ കേരള റെസ്പോൺസിബിൾ ടൂറിസം മിഷൻ സൊസൈറ്റി ചെയ്തു വരുന്നു. ഇപ്പോൾ കേരള റെസ്പോൺസിബിൾ ടൂറിസം മിഷൻ സൊസൈറ്റിയിൽ രജിസ്റ്റർ ചെയ്തിരിക്കുന്ന ആകെ യൂണിറ്റുകളിൽ 17631 (70%) യൂണിറ്റുകൾ സ്ത്രീകളുടെ ഉടമസ്ഥതയിലുള്ളതോ സ്ത്രീകൾ നയിക്കുന്നതോ ആണ്.<br><br>യു.എൻ വുമൺ - ഇന്ത്യയുടെ സാങ്കേതിക സഹകരണത്തോടു കൂടി സ്ത്രീ സൗഹാർദ വിനോദ സഞ്ചാരം പദ്ധതി കേരളത്തിലെ തെരഞ്ഞെടുക്കപ്പെട്ട വിനോദ സഞ്ചാര കേന്ദ്രങ്ങളിൽ നടപ്പാക്കി വരുന്നു. ഡെസ്റ്റിനേഷൻ സേഫ്റ്റി സ്റ്റഡി, ജൻഡർ ഓഡിറ്റ്, വിവിധ പരിശീലന പരിപാടികൾ, POSH ട്രെയിനിംഗ് ഉൾപ്പെടെ ഉള്ള പ്രോഗ്രാമുകളിലാണ് യു.എൻ വുമൺ സാങ്കേതിക സഹകരണം ലഭ്യമാക്കുന്നത്.<br><br>പ്രാദേശിക ജനസമൂഹത്തിലെ സ്ത്രീകളെ മുഖ്യധാരയിലേക്ക് കൊണ്ട് വരുന്നതിന്റെ ഭാഗമായി പ്രയോജനപ്പെടുത്തുന്ന വിവിധ ടൂളുകളിൽ ഒന്നായ ജൻഡർ ഓഡിറ്റ്, ടൂറിസം രംഗത്തു ആദ്യമായി നടത്തുന്ന ഇന്ത്യയിലെ ആദ്യ സംസ്ഥാനം ആണ് കേരളം. നിലവിൽ 6 കേന്ദ്രങ്ങളിൽ ജൻഡർ ഓഡിറ്റ് നടന്നു വരുന്നു, പുതുതായി 10 കേന്ദ്രങ്ങളിൽക്കൂടി ഈ സാമ്പത്തിക വർഷം ജൻഡർ ഓഡിറ്റ് നടപ്പിലാക്കും. ഇതിന് പുറമെ 68 കേന്ദ്രങ്ങളിൽ സേഫ്റ്റി ഓഡിറ്റ് പൂർത്തിയാക്കി. |
| (സി) | ടൂറിസം മേഖലയിൽ ലിംഗസമത്വം ലക്ഷ്യമാക്കി സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ? | (സി) | (ബി) പിരിവിന്റെ അതേ ഉത്തരം. |

സെക്ഷൻ ഓഫീസർ